**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2375** **12-10-2021 - ൽ മറുപടിയ്ക്ക്**

**പെൻഷൻ നിർണ്ണയത്തിലെ അപാകത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | **Shri K N Balagopal**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാർ സർവ്വീസിൽ നിന്നും 2019 ജൂലായ് മുതൽ 2020 മാർച്ച് വരെ വിരമിച്ച അധ്യാപകരുടേയും മറ്റ് ജീവനക്കാരുടേയും പെൻഷൻ നിർണ്ണയത്തിൽ ഉണ്ടായിട്ടുള്ള അപാകത സംബന്ധിച്ച് ലഭിച്ച അപേക്ഷയിൽ എന്തെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (എ) | സർക്കാർ സർവ്വീസിൽ നിന്നും 2019 ജൂലായ് മുതൽ 2020 മാർച്ച് വരെ വിരമിച്ച അധ്യാപകരുടേയും മറ്റ് ജീവനക്കാരുടേയും പെൻഷൻ നിർണ്ണയത്തിൽ അപാകത ഉണ്ടായിട്ടില്ല. കൂടാതെ, പതിനൊന്നാം ശമ്പളപരിഷ്കരണം നടപ്പാക്കിയത് വഴി മേൽ വിഭാഗം പെൻഷൻകാരുടെ പെൻഷനും അനുബന്ധ ആനുകൂല്യങ്ങളും പരിഷ്കരിക്കുകയുണ്ടായി. ഈ പരിഷ്കരണത്തിന്റെ ഭാഗമായി മേൽ വിഭാഗം ആൾക്കാർക്ക് വാങ്ങിക്കൊണ്ടിരുന്ന പെൻഷനിൽ യാതൊരു കുറവും വന്നിട്ടില്ല. എന്നാൽ, 30/06/2019 ന് മുൻപ് വിരമിച്ചവർക്ക് പെൻഷൻ പരിഷ്കരണത്തിന്റെ ഭാഗമായി കിട്ടുന്ന പുതിയ പെൻഷനും, മേൽ വിഭാഗക്കാർക്ക് കിട്ടുന്ന പുതുക്കിയ പെൻഷനും തമ്മിൽ കുറവുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിവരം പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ